കേരള സംഗീത നാടക അക്കാദമി
KERALA SANGEETHA NATAKA AKADEMI
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone : Office : 0487-2332134, 2332548
Secretary : 0487-2327427
Fax : 0487-2332548
e-mail : ksnakademi@gmail.com
Website : www.keralasangeethanatakaakademi.in

396/എ6/2021 30-07-2022

# അക്കാദമി കാന്റീൻ നടത്തിപ്പിനുള്ള ടെൻഡർ നോട്ടീസ്

കേരള സംഗീത നാടക അക്കാദമിയുടെ ക്യാമ്പസിലുള്ള കാന്റീൻ താഴെക്കൊടുത്ത നിബന്ധനകൾക്ക് വിധേയമായി ഏറ്റെടുത്ത് നടത്തുവാൻ തയ്യാറുള്ള തൃശൂരിലും പരിസരപ്രദേശങ്ങളിലെയും കാന്റീൻ നടത്തി മുൻ പരിചയമുള്ളവരിൽ നിന്നും സീൽ ചെയ്ത ടെൻഡർ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷയിൽ പ്രസ്തുത രംഗത്തുള്ള മുൻ പരിചയം സൂചിപ്പിക്കേണ്ടതാണ്. അപേക്ഷകന്റെ ആധാറിന്റെ പകർപ്പ് അടക്കം ചെയ്ത അപേക്ഷ സെക്രട്ടറി കേരള സംഗീത നാടക അക്കാദമി,തൃശൂർ-20 എന്ന വിലാസത്തിലോ, നേരിട്ടോ 16/08/2022 ന് വൈകുന്നേരം 4 മണിക്ക് മുമ്പായി സമർപ്പിക്കാവുന്നതാണ്.വിശദവിവരങ്ങൾക്ക് 0487-2332134 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തിദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയുള്ള സമയത്ത് ബന്ധപ്പെടാവുന്നതാണ്.

1) കാന്റീൻ കെട്ടിടത്തിൽ പെയിന്റിംഗ്/ചെറിയ അറ്റകുറ്റപ്പണികൾ എന്നിവ ആവശ്യമായി വരികയാണെങ്കിൽ കരാറുകാരൻ സ്വന്തം ചെലവിൽ ചെയ്യേണ്ടതാണ്.
2) നല്കുവാൻ തയ്യാറുള്ള മാസവാടക (വൈദ്യുതി ചാർജ്ജിന് പുറമെ) ടെൻഡറിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഇതിന് പുറമെ നികുതി അടക്കേണ്ടത് ആവശ്യമെങ്കിൽ ഇതും കരാറുകാരൻ അടക്കുവാൻ ബാധ്യസ്ഥനാണ്.
3) കെട്ടിടത്തിന്റെ വൈദ്യുതി തുക കരാറുകാരൻ അടക്കേണ്ടതാണ്.
4) ക്വട്ടേഷൻ സമർപ്പിക്കുന്നവർ 5,000/- രൂപയുടെ ഡിഡി ഇ.എം.ഡിയായി അടക്കേണ്ടതാണ്. നടത്തിപ്പ് കരാറിൽ ഒപ്പിട്ടു കഴിഞ്ഞാൽ ഉടനെ തന്നെ 20,000/- രൂപ കരുതൽ നിക്ഷേപമായി അടക്കേണ്ടതുമാണ്.
5) കാന്റീൻ നടത്തിപ്പ് സംബന്ധിച്ച പൊതുവായ നിബന്ധനകൾ പാലിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.
6) നിർദിഷ്ട ഫോറത്തിലാണ് ടെൻഡർ അപേക്ഷ സമർപ്പിക്കേണ്ടത്.ഇതിന്റെ മാതൃക ഓഫീസിലും അക്കാദമി വെബ്സൈറ്റിലും ലഭ്യമാകുന്നതാണ്. അല്ലാതെയുള്ള അപേക്ഷകൾ അസാധുവാകുന്നതാണ്.
7) അക്കാദമി കാന്റീൻ ഓഫീസ് പ്രവർത്തി സമയങ്ങളിൽ നേരിട്ട് പരിശോധിക്കാവുന്നതാണ്
8) കാന്റീനിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില സമീപത്തുള്ള കാന്റീനുകളിലെ വിലനിലവാരം പരിശോധിച്ച് അക്കാദമിയായിരിക്കും നിശ്ചയിക്കുക. ഇത് കൂടാതെ അക്കാദമി മെമ്പർമാർക്കും ജീവനക്കാർക്കും നിലവിലെ നിരക്കിൽ 50% ഇളവ് അനുവദിക്കേണ്ടതാണ്.
9) ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലും റദ്ദ് ചെയ്യുവാനുള്ള അധികാരം അക്കാദമി സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.

KERALA SANGEETHA NATAKA AKADEMI
TRICHUR - 680020

Sd/-
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
സെക്രട്ടറിയുടെ അംഗീകാരത്തോടെ

പകർപ്പ്,
1) അക്കാദമി വെബ്സൈറ്റ്
2) കളക്ടറേറ്റ്
3) ജില്ലാപഞ്ചായത്ത് ഓഫീസ്
4) സാഹിത്യ അക്കാദമി
5) ലളിതകലാ അക്കാദമി
6) താലൂക്കാഫീസ് ,തൃശൂർ
7) വില്ലേജ് ആഫീസ് ,തൃശൂർ
8) കോർപ്പറേഷൻ,തൃശൂർ

# കേരള സംഗീത നാടക അക്കാദമി കാന്റീൻ നടത്തിപ്പിനുള്ള ടെൻഡറിന്റെ അപേക്ഷ

| | |
|---|---|
| പേരും വീട്ട് വിലാസവും | |
| സ്ഥാപനത്തിന്റെ പേരും വിലാസവും | |
| ആധാർ നമ്പർ | |
| ഫോൺ നമ്പർ | |
| പാൻ നമ്പർ | |
| സമർപ്പിക്കുന്ന തിരിച്ചറിയൽ കാർഡ് പകർപ്പ് | |
| വൈദ്യുതി ചാർജ്ജിന് പുറമെ നൽകുവാൻ തയ്യാറുള്ള മാസ വാടക | |
| നിലവിൽ പ്രസ്തുതമേഖലയിലെ പ്രവൃത്തി പരിചയം സംബന്ധിച്ച് ലഘു വിവരണം | |

## നിബന്ധനകൾ

1) കാന്റീൻ കെട്ടിടത്തിൽ പെയിന്റിംഗ്/ചെറിയ അറ്റകുറ്റപ്പണികൾ എന്നിവ ആവശ്യമായി വരികയാണെങ്കിൽ കരാറുകാരൻ സ്വന്തം ചെലവിൽ ചെയ്യേണ്ടതാണ്.
2) നല്കുവാൻ തയ്യാറുള്ള മാസവാടക (വൈദ്യുതി തുകക്ക് പുറമെ) ടെൻഡറിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഇതിന് പുറമെ നികുതി അടക്കേണ്ടത് ആവശ്യമെങ്കിൽ ഇതും കരാറുകാരൻ അടക്കുവാൻ ബാധ്യസ്ഥനാണ്.
3) കെട്ടിടത്തിന്റെ വൈദ്യുതി തുക കരാറുകാരൻ അടക്കേണ്ടതാണ്.
4) ക്വട്ടേഷൻ സമർപ്പിക്കുന്നവർ അപേക്ഷയോടൊപ്പം 5,000/- രൂപയുടെ ഡിഡി (സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി യുടെ പേരിൽ) ഇ.എം.ഡിയായി സമർപ്പിക്കേണ്ടതാണ്.നടത്തിപ്പ് കരാറിൽ ഒപ്പിട്ടു കഴിഞ്ഞാൽ ഉടനെ തന്നെ 20,000/- രൂപ കരുതൽ നിക്ഷേപമായി അടക്കേണ്ടതുമാണ്.
5) കാന്റീൻ നടത്തിപ്പ് സംബന്ധിച്ച പൊതുവായ നിബന്ധനകൾ പാലിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.
6) നിർദിഷ്ട ഫോറത്തിലാണ് ടെൻഡർ അപേക്ഷ സമർപ്പിക്കേണ്ടത്. ഇതിന്റെ മാതൃക ഓഫീസിൽ ലഭ്യമാകുന്നതാണ്. അല്ലാതെയുള്ള അപേക്ഷകൾ അസാധുവാകുന്നതാണ്.
7) അക്കാദമി കാന്റീൻ ഓഫീസ് പ്രവർത്തി സമയങ്ങളിൽ നേരിട്ട് പരിശോധിക്കാവുന്നതാണ്.
8) കാന്റീനിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില സമീപത്തുള്ള കാന്റീനുകളിലെ വിലനിലവാരം പരിശോധിച്ച് അക്കാദമിയാ യിരിക്കും നിശ്ചയിക്കുക. ഇത് കൂടാതെ അക്കാദമി മെമ്പർമാർക്കും ജീവനക്കാർക്കും നിലവിലെ നിരക്കിൽ 50% ഇളവ് അനുവദിക്കേണ്ടതുമാണ്.
9) ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലും റദ്ദ് ചെയ്യുവാനുള്ള അധികാരം അക്കാദമി സെക്രട്ടറിയിൽ നിക്ഷിപ്തമായിരി ക്കുന്നതാണ്.

## സമ്മതപത്രം

മേൽ നിബന്ധനകൾ വായിച്ചു, ഇതനുസരിച്ച് ടെൻഡറിന്റെ തുടർ നടപടികളിൽ പങ്ക് കൊള്ളാൻ എനിക്ക്/ഞങ്ങൾക്ക് സമ്മതമാണെന്നും മേൽ രേഖപ്പെടുത്തിയ വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും പൂർണ്ണമായും ശരിയാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

അപേക്ഷകന്റെ പേര് :

സ്ഥലം :

തീയതി :

ഒപ്പ് :